# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2553 | 19.03.2015 -ൽ മറുപടിയ്ക്ക്

## കുപ്പിവെള്ളം ഉൽപ്പാദനവും വിൽപ്പനയും

| ചോദ്യം<br>ശ്രീമതി കെ.കെ.ലതിക | | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|---|
| എ) | സംസ്ഥാനത്ത് കുപ്പിവെള്ളം ഉൽപാദിപ്പിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന കമ്പനികൾക്ക് ജലവിഭവ വകുപ്പ് എന്തെങ്കിലും അനുമതി നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര കമ്പനികൾക്ക് ഇതുവരെ അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് കുപ്പിവെള്ളം ഉൽപാദിപ്പിക്കുന്ന കമ്പനികൾക്ക് ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ബാധകമാക്കിയിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകളിൽ വേണ്ടത്ര പഠനം നടത്തി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല അവലോകന കമ്മിറ്റി പരിഗണിക്കുകയും വേണ്ട ശുപാർശയോടെ സംസ്ഥാന ഭൂജല അതോറിറ്റിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ജലവിഭവ സെക്രട്ടറി ചെയർമാൻ ആയ സംസ്ഥാന ഭൂജല അതോറിറ്റിയാണ് ഇത്തരം കമ്പനികൾക്ക് അവസാന അനുമതി നൽകുന്നത്. സംസ്ഥാനത്ത് ഇതേ വരെ 60 കുപ്പിവെള്ള കമ്പനികൾക്ക് സംസ്ഥാന ഭൂജല അതോറിറ്റി അനുമതി നൽകിയിട്ടുണ്ട്. |
| ബി) | പ്രതിമാസം എത്ര ലിറ്റർ കുപ്പിവെള്ളത്തിന്റെ ഉൽപാദനം സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന കണക്ക് ഭൂജലവകുപ്പിൽ ലഭ്യമാണോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ബി) സംസ്ഥാനത്തെ കുപ്പിവെള്ള നിർമ്മാണത്തിന്റെ കണക്ക് വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ